സി.ബി.(1)7829/2007.

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, തീയതി:15.02.2007.

## സർക്കുലർ നംപർ. 14/2007.

വിഷയം : സഹകരണ വകുപ്പ് – "സഹകരണ വിപണനം കേരളീയം "കൺസോർഷ്യം നിക്ഷേപം നടത്തുന്നതിന് സഹകരണ സംഘങ്ങളെ/ബാങ്കുകളെ അനുവദിച്ച് നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നത് – സംബന്ധിച്ച്

സൂചന : 1. ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.02.2007-ൽ കൂടിയ ഉന്നതതല യോഗം.

2. 13.02.2007-ൽ ചേർന്നസഹകാരികളുടെയും വകുപ്പുദ്യോഗസ്ഥൻമാരുടെയും യോഗം.

*****

സംസ്ഥാനത്ത് നിലവിൽ നിത്യോപയോഗസാധനങ്ങൾക്കുണ്ടായിട്ടുള്ള വിലക്കയറ്റം നിയന്ത്രിയ്ക്കുന്നതിന് സഹകരണ മേഖലയും കാര്യമായ പങ്കുവഹിക്കേണ്ടതാണെന്നും, ആയതിൻെറ ഭാഗമായി സംസ്ഥാനത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, കാർഷിക വികസന ബാങ്കുകൾ, എംപ്ളോയിസ് സഹകരണ സംഘങ്ങൾ, മറ്റു സഹകരണ സംഘങ്ങളും സംസ്ഥാനത്തുടനീളം ഫെബ്രുവരി 15 മുതൽ രണ്ടുമാസക്കാലയളവിലേയ്ക്ക് നിത്യോപയോഗസാധനങ്ങളുടെ പ്രത്യേക ചില്ലറ വില്പന കേന്ദ്രങ്ങൾ തുറക്കുന്നതിന് ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം സൂചന(1) പ്രകാരം തീരുമാനിയ്ക്കുകയും അതിനനുസരിച്ചുള്ള നടപടികൾ നടന്നുവരികയുമാണ്. നിത്യോപയോഗസാധനങ്ങൾ, പച്ചക്കറികൾ എന്നിവ കൺസ്യൂമർഫെഡ്/സിവിൽ സപ്ളൈസ് കോർപ്പറേഷൻ/ഹോർട്ടികോർപ്പ് മുഖേന ലഭ്യമാക്കണമെന്നും ഇത്തരത്തിലുള്ള പ്രവർത്തനം അടിയന്തിരമായി ഏറ്റെടുക്കുന്നതിന് ആവശ്യമായി വരുന്ന തുക സംസ്ഥാന ബാങ്കിൻെറ നേതൃത്വത്തിൽ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ചേർന്ന കൺസോർഷ്യം രൂപീകരിക്കാനും ടി കൺസോർഷ്യം അക്കൗണ്ടിൽ നിന്ന് സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനും ആവശ്യമാണെങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനും വായ്പ നൽകാനും തീരുമാനിക്കുകയുണ്ടായി. ഇതിൻെറ അടിസ്ഥാനത്തിൽ കൺസോർഷ്യം രൂപീകരിക്കുന്നതിനും കൺസോർഷ്യത്തിൽ നിന്ന് നിയമാനുസൃതം വായ്പ നൽകാനും ഇതിനാൽ അനുവാദം നൽകുന്നു. "കൺസോർഷ്യം" രൂപീകരണം/നടത്തിപ്പ് സംബന്ധിച്ച് നിയമാനുസൃതമായ നടപടികൾ സംസ്ഥാന സഹകരണ ബാങ്കിൻെറ നേതൃത്വത്തിൽ നിർവ്വഹിക്കുന്നതാണ്. ഈ കൺസോർഷ്യം അക്കൗണ്ടിൽ നിന്ന് കൺസ്യൂമർ ഫെഡറേഷൻ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവർക്ക് വായ്പ നൽകുന്ന മുറയ്ക്ക് സംസ്ഥാന/ജില്ലാ ബാങ്കുകളുടെ വിഹിതം കഴിച്ച് ആവശ്യമായി വരുന്ന

തുക ജില്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ)മാർ ഇതിലേയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ള പ്രാഥമിക സംഘങ്ങളോട് കൺസോർഷ്യം അക്കൗണ്ടിൽ അടക്കാൻ നിർദ്ദേശിക്കാനും മേൽ പ്രകാരം പരമാവധി 90 ദിവസക്കാലയളവിലേയ്ക്ക് നിക്ഷേപിക്കുന്ന തുകയ്ക്ക് . ജില്ലാ സഹകരണ ബാങ്കുകളുൾപ്പെടെ 8% നിരക്കിൽ പലിശ നൽകാനും സൂചന(2)ലെ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ അനുവാദം നൽകുന്നു.

ഒപ്പ്/-
വി.രഘുനാഥ്,
സഹകരണസംഘം രജിസ്ട്രാർ(ഇൻ ചാർജ്ജ്)

പകർപ്പ് :-
1) മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, പാളയം, തിരുവനന്തപുരം
2) ചീഫ് ജനറൽ മാനേജർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
3) എല്ലാ സഹകരണസംഘം ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
4) ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
5) എല്ലാ സഹകരണസംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും (ജോയിൻറ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം
6) എല്ലാ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിൻറ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം
7) എല്ലാ സഹകരണ പ്രസിദ്ധീകരണങ്ങൾക്കും
8) ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
9) ഇരിപ്പ് ഫയൽ/സ്പെയർ

// ആജ്ഞാനുസരണം //

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി